# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6748 — 09.11..2016 -ൽ മറുപടിക്ക്

**ടേക്ക് എ ബ്രേക്ക് പദ്ധതി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.എം. ആരിഫ്<br>ശ്രീ. എം. സ്വരാജ്<br>ശ്രീ. എം. നൗഷാദ്<br>ശ്രീ. കെ. ദാസൻ | ശ്രീ.എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് എത്തിച്ചേരുന്ന വിനോദസഞ്ചാരികളുടെ സൗകര്യത്തിനായി ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | എ) നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) വിനോദസഞ്ചാരികൾക്ക് മെച്ചപ്പെട്ട സന്ദർശനാനുഭവം പ്രദാനം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി, സംസ്ഥാനത്തെ പ്രധാന പ്പെട്ട പാതയോരങ്ങളിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള ടോയ് ലറ്റുകൾ, കോഫീ ഷോപ്പ്, പാർക്കിംഗ് ഏരിയ, സുവനീർ ഷോപ്പുകൾ, ക്ലോക്ക് റൂമുകൾ മുതലായവ സ്ഥാപിക്കുക എന്നതാണ് ടേക്ക് എ ബ്രേക്ക് പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.<br>ടേക്ക് എ ബ്രേക്കിന്റെ മൂന്ന് മാതൃക കളിലും സ്ത്രീകൾക്കും, പുരുഷന്മാർക്കും, ഭിന്ന ശേഷിയുള്ളവർക്കുമായി പ്രത്യേക ആധുനിക സൗകര്യങ്ങളുള്ള ടോയ് ലറ്റ് ബ്ലോക്കുകളും, കോഫീ ഷോപ്പുകളും, വാഷിംഗ് റൂമുകളും ഇൻഫർമേഷൻ കിയോസ്കുകളും ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | |
|---|---|
| സി) ഏതൊക്കെ വകുപ്പുകളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നിർവ്വഹിക്കുന്നതെന്ന് വ്യക്തമാക്കുമോ; | സി) റവന്യൂ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് |
| ഡി) പ്രസ്തുത പദ്ധതി പ്രകാരം എത്ര പ്രവൃത്തികൾക്ക് ഇതുവരെ ഭരണാനുമതി ലഭിച്ചുവെന്നും ഏതെല്ലാം ടൂറിസം കേന്ദ്രങ്ങളിൽ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | ഡി) 20 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. 14 സ്ഥലങ്ങളിൽ പദ്ധതി പൂർത്തീകരിച്ചു. പൂർത്തീകരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. ശംഖുമുഖം - തിരുവനന്തപുരം ജില്ല<br>2. കെ.എം.എം.എൽ - ചവറ, കൊല്ലം ജില്ല<br>3. ഏനാത്ത് - കൊല്ലം ജില്ല<br>4. ചേർത്തല - ആലപ്പുഴ ജില്ല<br>5. ഹരിപ്പാട് - ആലപ്പുഴ ജില്ല<br>6. അതിരമ്പുഴ - കോട്ടയം ജില്ല<br>7. മൂന്നാർ - ഇടുക്കി ജില്ല<br>8. കോട്ടക്കുന്ന് - മലപ്പുറം ജില്ല<br>9. കാലിക്കറ്റ് യൂണിവേഴ്സിറ്റി - മലപ്പുറം ജില്ല<br>10. ബോട്ട് ജെട്ടി - എറണാകുളം ജില്ല<br>11. ചാലക്കുടി - തൃശ്ശൂർ ജില്ല<br>12. കുറ്റനാട് - പാലക്കാട് ജില്ല<br>13. ശ്രീകണ്ഠാപുരം - കണ്ണൂർ ജില്ല<br>14. തലപ്പാടി - കാസർഗോഡ് ജില്ല |

Anuradha
സെക്ഷൻ ഓഫീസർ